(ബി) ആയതിനുവേണ്ടി വരുന്ന ആകെ തുക എത്ര;

(സി) കഴിയുന്നതും വേഗത്തിൽ ഈ പ്രവൃത്തി പൂർത്തിയാക്കാനുള്ള നടപടികളെടുക്കുമോ ?

ഉത്തരം

(എ) ഏലത്തൂർ ശുദ്ധജലവിതരണപദ്ധതിക്ക് മൊത്തം 68,800 രൂപയുടെ ഒരു എസ്റ്റിമേറ്റ് സാംഗ്ഷൻ ചെയ്തിട്ടുണ്ട്.

(ബി) ഓവർ ഹെഡ് ടാങ്കിനും, പമ്പുഹൗസിനും മാത്രം 10,000 രൂപ ചെലവുവരുന്നതാണ്. അതിനു എസ്റ്റിമേറ്റ് തയാറാക്കിയിട്ടുണ്ട്.

(സി) ജോലി അടുത്തുതന്നെ ആരംഭിക്കുന്നതാണ്. സിവിൽജോലി കരാക്ക് കൺട്രാക്റ്റ് കൊടുത്തുകഴിഞ്ഞിട്ടുണ്ട്.

മെറേറർനിറേറി അസിസ്റ്റൻറിന്റെ ശമ്പളം

121, [16] ശ്രീ. പി. സി. രാഘവൻ നായർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) എറണാകുളം ജില്ലയിലെ വാഴക്കുളം (കല്ലൂർക്കാട്) ഗവണ്മെൻറ് ഡിസ്പെൻസറിയിലെ മെറേറർണിറേറി അസിസ്റ്റൻറായ എ. എച്ച്. ബീഗം ഇതുവരെ ഏതെല്ലാം സ്ഥലത്തു ജോലിയെടുത്തിട്ടുണ്ട് ;

(ബി) ഇവർക്ക കോഴിക്കോട്ടുജില്ലയിൽ കരുളായിയിൽ എത്ര കാലത്തെ സർവ്വീസുണ്ട് ;

(സി) ഏതെങ്കിലും കാലത്തെ ശമ്പളബാക്കി ഇവർക്ക കൊടുത്തു തീർക്കുവാനുണ്ടോ ;

(ഡി) ഉണ്ടെങ്കിൽ ഏതു കാലത്തെ ;

(ഈ) ഇത്രയും കാലമായിട്ടും ഇതു കൊടുത്തുതീർക്കാതിരിക്കുവാനുള്ള കാരണമെന്തു് ?

ഉത്തരം

(എ) മുക്കം, വണ്ടൂർ, പ്രൈമറിഹെൽത്തു സെൻറുകളും, അരിക്കോട് ഡിസ്പെൻസറി, കുമാരപുരം മിഡ്വൈഫറിസെൻറർ, കല്ലൂർക്കാട് ഡിസ്പെൻസറി, എന്നീ സ്ഥാപനങ്ങളിൽ ജോലിയെടുത്തിട്ടുണ്ട്.

(ബി) കോഴിക്കോട് ജില്ലയിൽപ്പെട്ട വണ്ടൂർ ഹെൽത്തുസെൻററിലെ കരുളായി സബ്സെൻറററിൽ 1-5-62-മുതൽ 5-9-62.വരെ സർവ്വീസ് ഉണ്ടായിരുന്നു.

(സി) ഉണ്ട്.

(ഡി) 1-5.62—മുതൽ 5—9-62—വരെ.

(ഈ) കരുളായി സബ്സെൻറററിലെ മിഡ്വൈഫിന്റെ തസ്തിക താൽക്കാലികമായിരുന്നതിനാൽ 62—63—ൽ അതു തുടരുന്നതിനു പ്രത്യേകം അനുവാദം ആവശ്യമായിവന്നു. അതിനുള്ള അനുവാദം നൽകുന്നതിൽ, ഭരണപരമായ കാരണങ്ങളാൽ നേരിട്ട കാലതാമസമാണ് ഇതിനു കാരണമായതു്.

പൊതുമരാമത്തു വേലകൾ.

122. [17] ശ്രീ. എം. എ. ആൻറണി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്തുവകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ആലുവാ സബ് ഡിവിഷനിൽപ്പെട്ട തുറവൂർ—ചള്ളിറോഡ് ഡിപ്പാർട്ടുമെൻറൽ മെയിൻറനൻസിനു് എടുക്കാമെന്നു് ഗവണ്മെൻറ് ഓർഡർ ഉണ്ടായിട്ടും അടുത്ത കൊല്ലത്തെ ബഡ്ജറ്റിൽ അതു് ഉൾപ്പെടുത്താതിരുന്നതിന്റെ കാരണമെന്താണ് ;

LIBRARY ARCHIVES Kerala Legislative Assembly

(ബി) ഈ റോഡ് നന്നാക്കുന്നതിനു് ആവശ്യമായ സംഖ്യ ഉടൻ അനുവദിക്കാൻ ഉദ്ദേശമുണ്ടോ?

ഉത്തരം.

(എ, ബി) ധനദൌർലഭ്യം മൂലം പുതിയ പണികൾ ബഡ്ജറ്റിൽ ഉൾപ്പെടുത്തേണ്ടതില്ലെന്നു് തീരുമാനിച്ചതിനാൽ ഈ റോഡ് വർക്കു് ബഡ്ജറ്റിൽ ഉൾപ്പെടുത്താൻ സാധിച്ചിട്ടില്ല.

## ADJOURNMENT MOTION

### Hunger strike at the Secretariat Gate by the Members of the Kerala Primary Teachers, Union.

**Mr. Speaker :** I have received two notices under Rule 49, one from Shri K. Chandrasekharan and another from Shri N. Gopala-Kurup for the adjournment of the business of the Assembly to discuss a matter of urgent public importance, both relating to the situation arising out of the hunger strike at the Secretariat Gate by the Aided Private School Teachers.

9 A. M.]

This is a matter which was discussed several times in the current session of the Assembly both under Rule 61 and in the discussion of the Education Budget and nothing urgent has arisen since then to warrant a renewed discussion and to move an adjournment motion. Hence I withhold consent to the moving of the adjournment motion.

ശ്രീ. എൻ. ഗോപാലക്കുറുപ്പ് : എന്റെ അടിയന്തിരപ്രമേയം അതിനെക്കുറിച്ചല്ല. വേറെ പുതുതായി ഒരു സിറ്റുവേഷൻ എക്സൈസ് ചെയ്തിട്ടുള്ളതിനെ സംബന്ധിച്ചാണു്. സത്യഗ്രഹം ആരംഭിച്ചിരിക്കുന്നു. ഈ പുതിയ സിറ്റുവേഷനെക്കുറിച്ചാണു് ഡിസ്കസ് ചെയ്യണമെന്നു ഞാൻ ആവശ്യപ്പെട്ടിട്ടുള്ളതു്.

**Mr. Speaker :** Order, order. There is no need for a discussion about it. That is not a matter which warrants a renewed discussion.

ശ്രീ. കെ. ചന്ദ്രശേഖരൻ : നിരാഹാര സത്യഗ്രഹംമൂലം ഉണ്ടായിട്ടുള്ള സിറ്റുവേഷൻ കൈകാര്യംചെയ്യുന്നതിനു് ഗവണ്മെന്റു് അനാസ്ഥ കാണിക്കുന്നതിൽ പ്രതിഷേധിച്ചു് ഞങ്ങൾ അൽപസമയത്തേക്കു് സഭാനടപടികളിൽ പങ്കെടുക്കാൻ ഉദ്ദേശിക്കുന്നില്ല.

(The Member then walked out of the House, along with other members of his Party.)

ശ്രീ. ഈ. എം. ശങ്കരൻ നമ്പൂതിരിപ്പാടു് : ഞങ്ങളും സഭാനടപടികളിൽ പങ്കെടുക്കുന്നില്ല.

(The Member then walked out of the House along with other members of his Party.)

ശ്രീ. കെ. മൊയ്തീൻകുട്ടി ഹാജി : ഇവിടെ അതു കൈകാര്യം ചെയ്യുന്നതീരുമാനിക്കാനുള്ളതുകൊണ്ടു് ഞങ്ങൾ ഇവിടെ ഇരിക്കുകയാണു്.

### Deterioration of law & order situation in Panur

**Mr. Speaker :** A reply is due from the Chief Minister to an earlier Rule 49 motion of Shri Balaram.

LIBRARY ARCHIVES Kerala Legislative Assembly